"ഭരണഭാഷ – മാതൃഭാഷ"
(കേരളം സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-695033
ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856

---

നമ്പർ: DT/1997/2026-C1 തീയതി: 19-09-2026

---

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - നെടുമങ്ങാട്, പേരാവൂർ ഐടിഐ പ്രവേശനം 2026 - SCVET ട്രേഡുകളിലെ അഡ്മിഷൻ നടപടികൾക്കുള്ള തീയതികൾ/അഡ്മിഷൻ ഷെഡ്യൂൾ എന്നിവ പുതുക്കി നിശ്ചയിച്ച് നൽകുന്നത്- സംബന്ധിച്ച്.

സൂചന :-

1. പ്രോസ്പെക്ടസ് No.SCVT/02/2026 തീയതി 21/08/2026.
2. 02.09.2026 തീയതിയിലെ ഇതേ നമ്പരായ അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം.
3. ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) ന്റെ 05.09.2026 തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.
4. DT/3119/2026-A6 നമ്പരായ 11.09.2026 തീയതിയിലെ ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം.

******************

മേൽ സൂചനകൾ കാണുക. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ഐടിഐയിലെയും, കണ്ണൂർ ജില്ലയിലെ പേരാവൂർ ഐടിഐയിലെ ഫുഡ് ബിവറേജ് ട്രേഡിലേയും (SCVET) പ്രവേശനത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 19.09.2026 ആയി നിശ്ചയിച്ച് സൂചന (3) പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ മറ്റെല്ലാ ഐടിഐകളിലും 10.08.2026 തീയതി മുതൽ പരിശീലനം ആരംഭിച്ചിട്ടുണ്ട് എന്നത് കണക്കിലെടുത്തും, അടുത്ത ട്രേഡ് ടെസ്റ്റ് ആരംഭിക്കുന്നതിനു മുൻപ് ട്രെയിനികൾക്കു ആവശ്യമായ നൈപുണ്യം നല്കുന്നതിനാവശ്യമായ സമയം ആവശ്യമാണ് എന്നത് കണക്കിലെടുത്തു കൊണ്ടും ടി രണ്ട് ഐടിഐകളിലേയും ട്രേഡുകളിലേക്ക് ലഭ്യമായ അപേക്ഷകൾ തുടർ നടപടികൾക്ക് വിധേയമാക്കി അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ച് പരിശീലനം ആരംഭിക്കേണ്ടതുണ്ട്. ടി സാഹചര്യത്തിൽ ഇതിലേക്കായി പുതുക്കിയ അഡ്മിഷൻ ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പണം ആരംഭിച്ച തീയതി | **21.08.2026** |
| 2 | അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **19.09.2026, 5pm** |
| 3 | അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തുന്ന തീയതി | **23.09.2026** |
| 4 | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **23.09.2026** |
| 5 | അഡ്മിഷന് അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | **23.09.2026** |
| 6 | അഡ്മിഷൻ ആരംഭിക്കുന്ന തീയതി | **24.09.2026** |
| 7 | പരിശീലനം ആരംഭിക്കേണ്ട തീയതി | **28.09.2026** |

നെടുമങ്ങാട് ഐടിഐയിലെ പ്രവേശന നടപടികൾ സ്വീകരിക്കുന്നതിന് സൂചന (2) പ്രകാരം ആര്യനാട് ഐടിഐ പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നെടുമങ്ങാട് ഐടിഐയിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് സൂചന (4) പ്രകാരം ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് നെടുമങ്ങാട് ഐടിഐ പ്രിൻസിപ്പൽ ന്റെ മേൽനോട്ടത്തിൽ ആര്യനാട് ഐടിഐ പ്രിൻസിപ്പലിന്റെയും മറ്റ് ഭൗതിക സാഹചര്യങ്ങളുടേയും സഹായ സഹകരണത്തോടെ യാതൊരു തരത്തിലുള്ള പരാതികൾക്കും ഇട നൽകാതെ, നെടുമങ്ങാട് ഐടിഐയിലെ പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

ടി രണ്ട് ഐടിഐകളിലും പ്രവേശനത്തിനായി മതിയായ അപേക്ഷകരില്ലാത്ത സീറ്റുകളിലേക്ക്, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അഡ്മിഷൻ നടപടികൾ പൂർത്തിയായ ശേഷം, **24.09.2026** മുതൽ **28.09.2026** വരെ **Spot Admission** നടത്താവുന്നതാണ്. പ്രാദേശിക തലത്തിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവർ മുഖേനയും വ്യാപകമായ പരസ്യങ്ങൾ നൽകിക്കൊണ്ടും **24.09.2026** തീയതി മുതൽ ഓരോ ദിവസവും **1PM** വരെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അന്നേ ദിവസം ഉച്ചയ്ക്കുശേഷം യാതൊരു പരാതികൾക്കും ഇടം നൽകാത്ത വിധത്തിൽ അഡ്മിഷൻ നടത്തേണ്ടതാണ്.

മേൽ പ്രവർത്തനങ്ങളുടെ പുരോഗതി ബന്ധപ്പെട്ട മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

Digitally signed by
D MENEKSH PRASAD
Date: 19-09-2026
17:12:51

**അഡീഷണൽ ഡയറക്ടർ**

സ്വീകർത്താവ് : നെടുമങ്ങാട്, പേരാവൂർ ഐടിഐ പ്രിൻസിപ്പൽമാർ.

പകർപ്പ് :
1. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
2. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, തിരുവനന്തപുരം.

3. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സ്റ്റോക്ക് ഫയൽ (C1)